"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - തൃശൂർ ജില്ലയിൽ ചിട്ടി ആർബിട്രേഷൻ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിൽ താൽക്കാലികമായി സൃഷ്ടിച്ചിരുന്ന തസ്തികകൾക്ക് തുടർച്ചാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.26/2026/TAXES തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:-

1. **WP(C) No.9275/2019** - ലുള്ള ബഹു. കേരള ഹൈക്കോടതിയുടെ **03.10.2019**-ലെ ഇടക്കാല ഉത്തരവ്.
2. **04/01/2020**- ലെ സ.ഉ.(കൈ) നം.**4/2020**/നി.വ.
3. **17/06/2021**- ലെ സ.ഉ.(കൈ) നം.**30/2021**/നി.വ.
4. **24/11/2022**- ലെ സ.ഉ.(കൈ) നം. **95/2022**/നി.വ.
5. **16/01/2023**- ലെ സ.ഉ.(കൈ) നം.**5/2023**/നി.വ.
6. **27.0/7.2023**- ലെ സ.ഉ.(കൈ) നം.**80/2023**/നി.വ.
7. **30/05/2024**- ലെ സ.ഉ.(കൈ) നം.**27/2024**/നി.വ.
8. **04.04.2025**-ലെ സ.ഉ.(കൈ) നം.**34/2025**/നി.വ.
9. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ **02/02/2026**-ലെ **IGR/4582/2020-E1** നമ്പർ കത്ത്.

**ഉത്തരവ്**

മാളാ കാത്തലിക് സോഷ്യൽ ഫോറം ചിട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് എം ഡി ശ്രീ.ഷാന്റി ജോസഫ് ടി. ചിട്ടി ആർബിട്രേഷൻ കേസുകൾ വേഗത്തിൽ തീർപ്പാക്കാത്തതിനാൽ വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നുവെന്നും ആയതിനാൽ ചിട്ടി ആർബിട്രേഷൻ നടപടി തടസ്സപ്പെടാതിരിക്കുവാൻ വേണ്ടി മുഴുവൻ സമയ ആർബിട്രേറ്ററെയും സ്റ്റാഫിനെയും മതിയായ സൗകര്യങ്ങളും ഒരുക്കണമെന്ന് നിർദ്ദേശം നല്കണമെന്നാവശ്യപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)No. 9275/2019**-ലെ ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം **(1)** ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയും തൃശ്ശൂർ ജില്ലയിലെ ചിട്ടി ആർബിട്രേഷൻ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിൽ **1982**-ലെ ചിട്ട് ഫണ്ട് നിയമം സെക്ഷൻ **64** പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്ന ചിട്ടി രജിസ്ട്രാർമാരുടെ നോമിനിമാരായി നിയമിക്കുന്നതിലേയ്ക്കായി **4** സബ് രജിസ്ട്രാർ തസ്തികകളും ചിട്ടി ആർബിട്രേഷൻ സംബന്ധിച്ച ജോലികളുടെ നിർവ്വഹണത്തിനായി **6** ക്ലർക്ക് തസ്തികകളും ഒരു വർഷ

കാലയളവിലേയ്ക്ക് താത്ക്കാലികമായി സൃഷ്ടിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. ടി തസ്തികകളുടെ തുടർച്ചാനുമതിക്കായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം 04/01/2021 മുതൽ ഒരു വർഷത്തേയ്ക്കും ടി തസ്തികകളിൽ 2 സബ് രജിസ്ട്രാറുടെയും 6 ക്ലർക്കിന്റെയും തസ്തികയ്ക്ക് പരാമർശം (4) ലെ ഉത്തരവ് പ്രകാരം 31/12/2022 വരെയും 2 സബ് രജിസ്ട്രാർ തസ്തികയ്ക്കും 6 ക്ലർക്ക് തസ്തികയ്ക്കും 31/3/2023-നു ശേഷം തുടർച്ചാനുമതി നൽകില്ലെന്ന വ്യവസ്ഥയിൽ പരാമർശം (5) - ലെ ഉത്തരവ് പ്രകാരം 31/03/2023 വരെയും തുടർച്ചാനുമതി നൽകുകയുണ്ടായി. പരാമർശം (6) ഉത്തരവ് പ്രകാരം ടി തസ്തികകളിൽ 2 സബ് രജിസ്ട്രാർ തസ്തികയ്ക്കും 4 ക്ലർക്ക് തസ്തികയ്ക്കും 31/03/2024 വരെ തുടർച്ചാനുമതി നൽകുകയുണ്ടായി. ടി 2 സബ് രജിസ്ട്രാർ തസ്തികയ്ക്കും 4 ക്ലർക്ക് തസ്തികയ്ക്കും പരാമർശം (7) പ്രകാരം 31/03/2025 വരെയും പരാമർശം (8) പ്രകാരം 31/03/2026 വരെയും തുടർച്ചാനുമതി നൽകുകയുണ്ടായി.

3. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചിട്ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ജില്ലയായ തൃശ്ശൂരിൽ, ചിട്ടി ആർബിട്രേഷൻ കേസുകളുടെ എണ്ണം ഗണ്യമായി കൂടുതലാണെന്നും താൽക്കാലിക തസ്തികകൾ നിലവിൽ വന്നതിനുശേഷം കേസുകൾ തീർപ്പാക്കുന്നതിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ടെന്നും നിലവിൽ 2 സബ് രജിസ്ട്രാർ തസ്തികകളും 4 ക്ലർക്ക് തസ്തികകളും അനുവദിച്ചിട്ടുള്ളതിനാലാണ് ഭൂരിഭാഗം കേസുകളും തീർപ്പാക്കാൻ കഴിഞ്ഞതെന്നും പ്രതിവർഷം ശരാശരി 1500-ലധികം പുതിയ കേസുകൾ ഫയൽ ചെയ്യപ്പെടുന്ന സാഹചര്യത്തിൽ, 31-03-2026-ന് ശേഷവും ഈ തസ്തികകൾ തുടരേണ്ടത് അത്യന്താപേക്ഷിതമാണെന്നും ടി തസ്തികകൾ സ്ഥിരം തസ്തികകളായി സൃഷ്ടിക്കണമെന്നും സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നതുവരെ, 01-04-2026 മുതൽ പ്രസ്തുത തസ്തികകൾക്ക് തുടർച്ചാനുമതി നൽകണമെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (9) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ ചിട്ടി ആർബിട്രേഷൻ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിൽ 1982- ലെ ചിട്ട് ഫണ്ട് നിയമം സെക്ഷൻ 64 പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്ന ഉത്തര-മദ്ധ്യമേഖല ചിട്ടി രജിസ്ട്രാറുടെ നോമിനിമാരായി നിയമിക്കുന്നതിലേയ്ക്കായി സൃഷ്ടിച്ചിരുന്ന 2 താൽക്കാലിക സബ് രജിസ്ട്രാർ തസ്തികയ്ക്കും ചിട്ടി ആർബിട്രേഷൻ സംബന്ധിച്ച ജോലികളുടെ നിർവ്വഹണത്തിനായി 4 ക്ലർക്ക് തസ്തികയ്ക്കും 01/04/2026 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി തുടർച്ചാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
2. ശ്രീ.ഷാന്റി ജോസഫ് ടി., എം ഡി, മാളാ കാത്തലിക് സോഷ്യൽ ഫോറം ചിട്ടിസ് പ്രൈവറ്റ് ലിമിറ്റഡ്, മാളാ, തൃശൂർ.
3. ധനകാര്യ വകുപ്പ് (29/03/2026- ലെ 2211635/EXP-B1/522/2022-FIN നമ്പർ റിമാർക്സ് പ്രകാരം).
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
5. വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
6. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Renju. A. R

Date: 10-04-2026 11:11:53

സെക്ഷൻ ഓഫീസർ